(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വ്യവസായം, കൃഷി, വൈദ്യുതി, ജലസേചനം, പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം, വിദ്യാഭ്യാസം, ശുദ്ധജലവിതരണം, പൊതുജനാരോഗ്യം, ഭവന നിർമ്മാണം, മത്സ്യബന്ധനം, മൃഗസംരക്ഷണം, സാമൂഹ്യവികസനം, ടൂറിസം എന്നിവയ്ക്ക് വാർഷിക പദ്ധതിയിൽ പ്രതീക്ഷിച്ചിരുന്ന ഫിസിക്കൽ ടാർജറ്റ് എത്രയായിരുന്നു;

(ബി) ഈ ഫിസിക്കൽ ടാർജറ്റ് നേടിയെടുക്കുന്നതിന് ഉൾക്കൊള്ളിച്ച തുക എത്രയായിരുന്നു;

(സി) ഓരോ വർഷവും ഈ കാര്യങ്ങളിൽ നേടിയ ഫിസിക്കൽ ടാർജറ്റ് എത്രയെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയെന്നും പറയുമോ;

(ഡി) ഈ ഓരോ വർഷവും മുകളിൽ പറഞ്ഞ കാര്യങ്ങൾക്ക് ചെലവഴിക്കാൻ പ്രതീക്ഷിച്ച തുകയുടെ എത്ര ശതമാനം ചെലവഴിച്ചു എന്നും പ്രതീക്ഷിച്ച ഫിസിക്കൽ ടാർജറ്റിന്റെ എത്ര ശതമാനം നേടിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) വിശദാംശങ്ങൾ അനുബന്ധം എ-യിലും ബി-യിലും കൊടുത്തിരിക്കുന്നു.†

സംസ്ഥാന പ്ലാനിംഗ് ബോർഡ്

17 (18)ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡിലെ ഫുൾടൈം അംഗങ്ങൾ ആരെല്ലാം;

(ബി) പാർട്ട്ടൈം അംഗങ്ങൾ ആരെല്ലാം;

(സി) സംസ്ഥാന സർവ്വീസിലെ സീനിയർ ഉദ്യോഗസ്ഥന് സർക്കാർ ചെലവിൽ എത്ര പത്രമാസികകൾ അനുവദിച്ചിട്ടുണ്ട്;

(ഡി) പ്ലാനിംഗ് ബോർഡിലെ ഫുൾടൈം അംഗങ്ങൾ ഇതേവരെ ഓരോവർഷവും പത്രമാസികകൾക്കായി എത്ര രൂപ ചെലവിട്ടിട്ടുണ്ട്;

(ഇ) ഓരോ പാർട്ട്ടൈം അംഗവും ഈ ഇനത്തിൽ ഇതേവരെ ഓരോ വർഷവും ചെലവിട്ട തുക എത്ര;

(എഫ്) പ്ലാനിംഗ് ബോർഡിൽ പേജർ ഉപയോഗിക്കുന്ന അംഗങ്ങൾ ആരെല്ലാം; ആ ഇനത്തിൽ ഇതേവരെ എത്ര രൂപ ചെലവായി എന്നറിയിക്കുമോ?

ഉത്തരം

(എ) ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാട്.

(ബി) 1. ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ

2. ഡോ. ബി. ഇക്ബാൽ

3. ശ്രീ. എം.കെ. സാംബമൂർത്തി

LIBRARY ARCHIVES Kerala Legislative Assembly

4. ഡോ. തോമസ് ഐസക്

(സി) സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറി മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥൻമാർക്ക് പത്രങ്ങൾ വാങ്ങാൻ പ്രതിമാസം 100 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽനിന്നും പഴയ പത്രത്തിന്റെ വിലയെന്ന നിലയിൽ പ്രതിമാസം അഞ്ചു രൂപ കിഴിച്ച് 95 രൂപ മാത്രമേ നൽകുന്നുള്ളൂ. കൂടാതെ ഗവൺമെന്റ് സെക്രട്ടറിമാർക്ക് 2 "പ്രൊഫഷണൽ ഡെയിലീസ്" വാങ്ങിക്കുവാൻ അനുവാദമുണ്ട്. 20.10.94-ലെ സർക്കാർ ഉത്തരവ് (സാ. നം.8216/94/പൊതുഭരണം) പ്രകാരം മേൽപ്പറഞ്ഞ ആനുകൂല്യം റവന്യൂ ബോർഡ് മെമ്പർമാർക്കും അനുവദിച്ചിട്ടുണ്ടായിരുന്നു.

(ഡി) 1. ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാട്

ഒക്ടോബർ 1997 - ഡിസംബർ 97	-	930 രൂപ
1998	-	3890 രൂപ
ജനുവരി 1999 - ജൂൺ 1999	-	1324 രൂപ

1996-ൽ ഈ ഇനത്തിൽ ഒന്നും വാങ്ങിയിട്ടില്ല.

(ഇ) 1. ഡോ. ബി. ഇക്ബാൽ

1.3.97 - 28.2.1998	-	3670 രൂപ
1.4.1998 - 31.3.1999	-	4615 രൂപ

1996-ൽ ഈ ഇനത്തിൽ രൂപയൊന്നും വാങ്ങിയിട്ടില്ല.

2. ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ

16.6.1996 - 30.11.1996	-	360 രൂപ
1.2.1997 - 31.12.1998	-	1271 രൂപ

1999 ൽ ഈയിനത്തിൽ രൂപയൊന്നും വാങ്ങിയിട്ടില്ല.

3. ശ്രീ. സാംബമൂർത്തി എം.കെ.

ഈ ഇനത്തിൽ ഇതുവരെ രൂപയൊന്നും വാങ്ങിയിട്ടില്ല.

4. ഡോ. തോമസ് ഐസക്

(31.10.1998 മുതൽ പാർട്ട്ടൈം അംഗം)

ജൂൺ 1996 - ഡിസംബർ 1996	-	2846 രൂപ
1997	-	5420 രൂപ
1998	-	4743 രൂപ
ജനുവരി 1999 ഒക്ടോബർ 1999	-	4497 രൂപ

(എഫ്) പ്ലാനിംഗ് ബോർഡിൽ പേജർ ഉപയോഗിക്കുന്ന അംഗങ്ങൾ ആരുമില്ല.

സംസ്ഥാന വികസന കൗൺസിൽ

18 (19) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികസന കൗൺസിൽ നിലവിൽവന്നത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly